ബ്രഹ്മപുരം വൈദ്യുത പദ്ധതികരാർ

27 [2777] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുത പദ്ധതികരാർ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണ ഏജൻസി ഏതാണെന്നുപറയാമോ;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) എത്ര തുകയുടെ ക്രമക്കേടുണ്ടെന്നാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ.

(സി) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ഡി) കേസിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ബ്രഹ്മപുരം വൈദ്യുതപദ്ധതി

28 [2778] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുതപദ്ധതിയുടെ ഏതെങ്കിലും യന്ത്രഭാഗങ്ങൾക്ക് ഗുരുതരമായ തകരാറുകൾ കണ്ടെത്തിയിരുന്നുവോ;

(ബി) ക്രാങ്ക് ഷാഫ്റ്റ് എന്ന യന്ത്രഭാഗം മാറ്റിസ്ഥാപിക്കേണ്ടി വന്നിട്ടുണ്ടോ;

(സി) എങ്കിൽ അതുമൂലം എത്രകാലം ആ ജനറേറ്ററുകൾ പ്രവർത്തന രഹിതമായതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അറ്റകുറ്റപണികൾക്കുവേണ്ടി ചെലവാക്കേണ്ടിവന്ന തുകയെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിനുകാരണക്കാരായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ;

(എഫ്) ഈടാക്കുന്നതിന് നിശ്ചയിച്ച നഷ്ടപരിഹാര തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) & (എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജനറേറ്ററുകളുടെ അറ്റകുറ്റപണികൾ

29 [2779] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുതപദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്; എത്ര ശേഷിയുള്ള ജനറേറ്ററുകളാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ ജനറേറ്ററുകൾക്ക് അറ്റകുറ്റപണികൾ ക്രമരഹിതമായിവേണ്ടി വരുന്നുണ്ടോ;

(സി) അറ്റകുറ്റപണിയുടെ ഭാഗമായി ഇതുവരെ ജനറേറ്ററുകൾ ഓഫ് ചെയ്യേണ്ടിവന്നത് എത്ര സമയത്തേക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബ്രഹ്മപുരം വൈദ്യുതപദ്ധതിയുടെ എല്ലാ യന്ത്രങ്ങളും പൂർണ്ണ തോതിൽ പ്രവർത്തിച്ചാൽ ഒരു വർഷം എത്ര വൈദ്യുതി ലഭ്യമാകും; ഇക്കഴിഞ്ഞ വർഷം എല്ലാ യന്ത്രങ്ങളും പൂർണ്ണതോതിൽ പ്രവർത്തിച്ചിട്ടുണ്ടോ;

(ഇ) യന്ത്രം ബ്രേക്ക്ഡൗൺ ആയതുമൂലം ബ്രഹ്മപുരത്തിലേതിനെക്കാൾ ഉയർന്ന വിലയുള്ള വൈദ്യുതി വാങ്ങേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ അതുമുഖേനയും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാതിരുന്നതുമൂലവും എത്രകോടി രൂപയുടെ നഷ്ടം ബോർഡിന് വരുകയുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly